(ഡി) ഈ സംവിധാനം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് ഇലക്ട്രോണിക് ക്ലിയറൻസ് സംവിധാനവും മൊബൈൽ ഫോൺവഴിയുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി

73 (418) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി സബ്സിഡി നൽകുന്ന പണം വൈദ്യുതി വകുപ്പിന് കൃഷി വകുപ്പ് നൽകുന്നുണ്ടോ ; ഇതിൽ എത്രമാത്രം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൃഷിയെയും അനുബന്ധ മേഖലകളെയും ഏത് നിരക്കിലാണ് വൈദ്യുതി വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജിൽ സബ്സിഡി അനുവദിച്ച വകയിൽ (31-3-2015 വരെ) കുടിശ്ശിക ഒന്നും തന്നെയില്ല.

(സി) കൃഷിക്കും അനുബന്ധ മേഖലകൾക്കുമുള്ള വൈദ്യുതി ചാർജ്ജ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബാലുശ്ശേരി കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

74 (419) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ മൂന്നാം വാർഷികത്തിലും സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ട് ഏക്കർ ഭൂമിയും സബ്സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ തുകയും കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കിയിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിലെ സാങ്കേതിക തടസ്സം എന്താണെന്ന് അറിയിക്കാമോ ;

(സി) സബ്സ്റ്റേഷൻ നിർമ്മാണത്തിൽ കഴിവും താല്പര്യവുമുള്ള ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് തുടർ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതുസംബന്ധിച്ച് ഒരു ഉന്നതതലയോഗം വിളിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 110 കെ.വി. കിനാലൂർ സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) കെ.എസ്.ഐ.ഡി.സി. സ്ഥലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയമുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 110 കെ.വി. കിനാലൂർ സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ വടകര ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ്ഡിവിഷന്റെ കീഴിലാണ് നടന്നുവരുന്നത്. ടി പ്രവൃത്തികൾ തൃപ്തികരമായി പുരോഗമിക്കുന്നതിനാൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല.

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിക്കുന്നതിനാൽ ഉന്നതതലയോഗം വിളിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ചെറായി 110 KV സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ

75 (420) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി 110 KV സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ നിയമിതനായിരുന്ന അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കാത്തതുമൂലം ദീർഘനാളുകളായി പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ട് കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly